# കേരള സർവകലാശാല

നം.പി.ആർ.246/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2018 മേയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ടെക് (ഫുൾടൈം/പാർട്ട് ടൈം), നാലാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) സപ്ലിമെന്ററി (2013 സ്കീം) ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് ബ്രാഞ്ചുകളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ.

### വൈവാവോസി

2018 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി പരീക്ഷയുടെ വൈവാവോസി നവംബർ 19നും 21നും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

### പരീക്ഷാഫീസ്

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.കോം ജനുവരി 2018 (റെഗുലർ 2017 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2016 അഡ്മിഷൻ, സപ്ലിമെന്ററി 2015, 2014 & 2013 അഡ്മിഷൻ) പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 21 വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്.സി (2017 റെഗുലർ, 2016, 2015, 2014 & 2013 സപ്ലിമെന്ററി) പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അവസാന തീയതി നവംബർ 28 വരെ നീട്ടിയിരിക്കുന്നു.

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജീയർ ആന്റ് പ്രാക്ടീസ് (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 21 വരെ ഓൺലൈനായി അപേക്ഷിക്കാം.

ഡിസംബർ 4 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ (ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം-സി.ബി.സി.എസ്.എസ് കരിയർ റിലേറ്റഡ് ഉൾപ്പെടെ) പരീക്ഷകൾക്ക് (റെഗുലർ 2016 അഡ്മിഷൻ, സപ്ലിമെന്ററി 2013, 2014 & 2015 അഡ്മിഷൻ) ഓൺലൈനായി പിഴ കൂടാതെ നവംബർ 16 വരെയും 50 രൂപ പിഴയോടെ നവംബർ 21 വരെയും 125 രൂപ പിഴയോടെ നവംബർ 23 വരെയും അപേക്ഷിക്കാം.

നവംബർ 23 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ (ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം-സി.ബി.സി.എസ്.എസ് ബി.എ./ബി.എസ്.സി/ബി.കോം കരിയർ റിലേറ്റഡ് ഉൾപ്പെടെ) പരീക്ഷകൾക്ക് (റെഗുലർ 2018 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2017 അഡ്മിഷൻ, സപ്ലിമെന്ററി 2013,

2014, 2015 & 2016 അഡ്മിഷൻ) ഓൺലൈനായി പിഴ കൂടാതെ നവംബർ 14 വരെയും 50 രൂപ പിഴയോടെ നവംബർ 15 വരെയും 125 രൂപ പിഴയോടെ നവംബർ 16 വരെയും അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ./ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ ബി.പി.എ/ബി.വോക് പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിന് ഡിസംബർ 4 വരെ അപേക്ഷിക്കാം.

## പ്രാക്ടിക്കൽ പരീക്ഷ

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി – കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 22 മുതൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

നവംബർ 9 ന് നാഷണൽ കോളേജ്, അമ്പലത്തറയിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (സി.ആർ) ബയോകെമിസ്ട്രി (കോർ) പ്രാക്ടിക്കൽ പരീക്ഷ നവംബർ 14 ന് നടത്തുന്നതാണ്.

## സൂക്ഷ്മപരിശോധന

2018 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖകളുമായി നവംബർ 14 മുതൽ 22 വരെയുള്ള പ്രവൃത്തിദിവസങ്ങളിൽ പുനഃപരിശോധനാ വിഭാഗത്തിൽ ഹാജരാകണം.

## അപേക്ഷ ക്ഷണിക്കുന്നു

നിയമ വകുപ്പ് നടത്തുന്ന എട്ട് മാസം ദൈർഘ്യമുള്ള പി.ജി ഡിപ്ലോമ ഇൻ പേറ്റന്റ് ലോ കോഴ്സിന് (PG Diploma in Patent Law) അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം, കാലാവധി: കോഴ്സ് ഫീസ്: 4000/-. അപേക്ഷ ഫോറം (Rs.20/-) നിയമ വകുപ്പിന്റെ ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 28. കൂടുതൽ വിവരങ്ങൾക്ക്: 0471 – 2308936.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം (CACEE) നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗാ തെറാപ്പി (ഈവനിംഗ് ബാച്ച്) കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: 1 വർഷം, കോഴ്സ് ഫീസ്: 19,500 രൂപ, സമയം: വൈകിട്ട് 5 മണി മുതൽ 7 മണി വരെ. അപേക്ഷാഫോമിന് സർവകലാശാലാ ഓഫീസ് ക്യാമ്പസിലുള്ള എസ്.ബി.ഐ അക്കൗണ്ട് നമ്പറിൽ (57002299878) 100 രൂപ അടത്ത രസീത് സഹിതം പി.എം.ജി. സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലുള്ള CACEE ഓഫീസിൽ നേരിട്ട് ബന്ധപ്പെടണം. വിശദവിവരങ്ങൾക്ക്: 0471–2302523. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 21.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം സർവകലാശാല ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥികൾക്കായി കുറഞ്ഞ ഫീസ് നിരക്കിൽ കോഴ്സുകൾ സംഘടിപ്പിക്കുന്നു. സർവകലാശാലയുടെ വിവിധ വകുപ്പുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് കോഴ്സ് കാലാവധി: 4 മാസം, ഫീസ്: 2000 രൂപ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് കാലാവധി: 6 മാസം, ഫീസ്: 6000 രൂപ, കാര്യവട്ടം ക്യാമ്പസിൽ വച്ചാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്. വിശദവിവരങ്ങൾ പി.എം.ജി സ്റ്റുഡന്റ്സ് സെന്റർ ക്യാംപസിലുള്ള

സി.എ.സി.ഇ.ഇ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. ഫോൺ: 0471-2302523. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 26.

## നെടുമങ്ങാട് ഗവ. കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ

നെടുമങ്ങാട് ഗവ. കോളേജിൽ പുതുതായി അനുവദിച്ച എം.എ. ഇക്കണോമിക്സ്, എം.എ. മലയാളം കോഴ്സുകളിലേക്ക് കോളേജിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 13 രാവിലെ 11 മണി. ഓൺലൈൻ രജിസ്റ്റർ ചെയ്യാത്തവർക്കും അപേക്ഷിക്കാം. നവംബർ 13 ന് വൈകുന്നേരം 4.30 ന് കോളേജിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും നവംബർ 14, 15 തീയതികളിൽ അഡ്മിഷൻ നടത്തുന്നതുമാണ്. സർവകലാശാലയിലേക്ക് അപേക്ഷ നൽകേണ്ടതില്ല.

തിരുവനന്തപുരം.
12.11.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**